**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 433** **02-02-2023 - ൽ മറുപടിയ്ക്ക്**

**ഒരു കുടുംബം ഒരു സംരംഭം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. ആർ. മഹേഷ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ഒരു കുടുംബം ഒരു സംരംഭം എന്ന പദ്ധതിയ്ക്കായി നടപ്പ് സാമ്പത്തിക വർഷത്തെ ബജറ്റിൽ എത്ര തുക അനുവദിച്ചിട്ടുണ്ട്; ഇതിൽ നാളിതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ട്; വിശദാംശം ഇനംതിരിച്ച് വ്യക്തമാക്കുമോ? | (എ) | 2022-23 സംരംഭകത്വ വർഷമായി ആചരിക്കുന്നതിന്റെ ഭാഗമായി ഒരു ലക്ഷം സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ലക്ഷ്യമിടുന്നു. ഇതോടനുബന്ധിച്ച് നടപ്പിലാക്കുന്ന പദ്ധതിയാണ് 'ഒരു കുടുംബം ഒരു സംരംഭം' പദ്ധതി. ഈ പദ്ധതിയുടെ 50% ഗുണഭോക്താക്കൾ വനിതാ സംരംഭകരായിരിക്കും. ടി പദ്ധതിയിൽ ഉല്പാദന, സേവന, വ്യാപാര മേഖലയിൽ പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിന് എടുക്കുന്ന ബാങ്ക് വായ്പയിൽ 10 ലക്ഷം വരെയുള്ള ബാങ്ക് വായ്പയ്ക്ക് പദ്ധതി വഴി പലിശയിളവ് നൽകുന്നു. പദ്ധതി പ്രകാരം സ്ഥിര മൂലധന വായ്പക്കും പ്രവർത്തന മൂലധന വായ്പക്കും ആനുകൂല്യം ലഭിക്കുന്നു. 01.04.2022 മുതൽ പ്രവർത്തനം ആരംഭിക്കുന്ന പുതിയ യൂണിറ്റുകൾക്കാണ് സർക്കാരിൽ നിന്നുള്ള പലിശയിളവ് ലഭ്യമാകുന്നത്. കേന്ദ്ര സർക്കാർ നടപ്പിലാക്കുന്ന PM Formalization of Micro Food Processing Enterprises Scheme പദ്ധതി പ്രകാരം ആനുകൂല്യം ലഭിച്ചതോ/ അപേക്ഷിച്ചതോ ആയ യൂണിറ്റുകൾക്കും 10 ലക്ഷം വരെയുള്ള വർക്കിംഗ് ക്യാപിറ്റൽ ലോണിനു പലിശയിളവിന് അർഹതയുണ്ട്.<br><br>6 മാസം/12 മാസക്കാലയളവിലുള്ള ബാങ്ക് ലോണിന്റെ പലിശയിളവാണ് പദ്ധതി പ്രകാരം റീ ഇംബേഴ്സ് ചെയ്തു നൽകുന്നത്. ബാങ്ക് വായ്പയുടെ പലിശ നിരക്കിൽ 4% ൽ അധികരിച്ചുള്ള പലിശയിൽ 6% വരെ ഇളവ് ധന സഹായമായി സർക്കാർ നൽകുന്നു. 'ഒരു കുടുംബം ഒരു സംരംഭം' പദ്ധതിക്ക് നടപ്പു വർഷം 2851-00-102-07(04) എന്ന ശീർഷകത്തിൽ 700 ലക്ഷം രൂപ വകയിരുത്തുകയും 22.11.2022 G.O(Rt)No.1232/2022/ID നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 400 ലക്ഷം രൂപയ്ക്കു ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | പദ്ധതിക്കു കീഴിൽ അപേക്ഷകൾ സമർപ്പിക്കുന്നതിന് ഓൺലൈൻ പ്ലാറ്റ്ഫോം തയാറാക്കിയിട്ടുള്ളതും ആയതുപ്രകാരം ലഭിക്കുന്ന അപേക്ഷകൾ പ്രോസസ്സ് ചെയ്തു ആനുകൂല്യം നൽകുന്നതിനുള്ള നടപടികൾ സ്വികരിച്ചു വരികയുമാണ്. |

സെക്ഷൻ ഓഫീസർ